# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3126** | **20-06-2014 ൽ മറുപടിയ്ക്ക്**

## നെൽകൃഷി വികസനത്തിനായുള്ള നടപടികൾ

**ചോദ്യം**

ശ്രീ.എം.ഹംസ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നെൽകൃഷി വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2011-12 വർഷം 23243.64 ലക്ഷം രൂപ, 2012-13 വർഷം 19100.96 ലക്ഷം രൂപ, 2013-14 വർഷം 11135.075 ലക്ഷം രൂപ എന്നിവയുള്ള വിവിധ നെൽകൃഷി വികസന പദ്ധതികൾ കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ നടപ്പിലാക്കുകയുണ്ടായി. 2014-15 വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി, സുസ്ഥിര നെൽകൃഷി വികസനം 180000 ഹെക്ടറിലേയ്ക്ക് 2700 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധനസഹായത്തിനായി 150 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി 2000 ഹെക്ടറിന് 200 ലക്ഷം രൂപയും പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി 302 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്; | (ബി) | 2013-2014 വർഷം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കണക്കുപ്രകാരം 199611 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്. 2014-2015 ലെ വിസ്തീർണ്ണത്തിന്റെ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) | 2006 ജൂൺ മാസം 1-ാം തീയതിയിലെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു; | (സി) | 263529 ഹെക്ടർ സ്ഥലത്ത് 2006-2007 ൽ നെൽകൃഷി ചെയ്തിരുന്നു. (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കണക്കുപ്രകാരം) |

| | | | |
|---|---|---|---|
| (ഡി) | നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതി നായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചത്; | (ഡി) | 2014-15 വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി, സുസ്ഥിര നെൽകൃഷി വികസനം 180000 ഹെക്ടറി ലേയ്ക്ക് 2700 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധന സഹായത്തിനായി 150 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസന ത്തിനായി 2000 ഹെക്ടറിന് 200 ലക്ഷം രൂപയും പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി 302 ലക്ഷം രൂപയും വകയിരുത്തി നാളിതുവരെ നടപ്പിലാക്കി വരുന്നു. |
| (ഇ) | അമിതമായുള്ള രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗം നിയന്ത്രി ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഇ) | രാസവളത്തിന്റെ അമിത ഉപയോഗം കുറയ്ക്കുന്നതിനായി ജൈവകൃഷി പ്രോത്സാഹി പ്പിക്കുന്നുണ്ട്. അമിതമായുള്ള കീടനാശിനി യുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ചുവപ്പ്. മഞ്ഞ അടയാളമുള്ള എല്ലാ മാരക കീടനാശിനികളും സർക്കാർ നിരോധിച്ചു. കീടനാശിനികളുടേയും രാസവളങ്ങളുടേയും അമിതമായ ഉപയോഗം കുറയ്ക്കുന്നതിനും ഇവയുടെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുമായി കർഷകർക്ക് പഞ്ചായത്ത് തല ബോധവൽക്കരണ ക്യാംബയിനുകളും സെമിനാറുകളും നടത്തുന്നുണ്ട്. ഇതിനൊക്കെ പുറമെ സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ, ജൈവീക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ കൃഷിവകുപ്പ് അവലംബിച്ചുവരുന്നു. |
| (എഫ്) | രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗം പൂർണ്ണമായി ഇല്ലാതാക്കുന്നതിനായി എന്തെല്ലാം പാക്കേജുകൾ ആണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ? | (എഫ്) | സംസ്ഥാനതലത്തിൽ രാസവളം, കീടനാശിനി എന്നിവയുടെ അമിത ഉപയോഗം കുറയ്ക്കുന്നതിനും ജൈവ കൃഷി പദ്ധതി നടപ്പിലാക്കുന്നതിനും മുന്നോടിയായി കാസർഗോഡ് ജില്ല ജൈവ ജില്ലയായി പ്രഖ്യാപിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ